## പതിമൂന്നാം കേരള നിയമസഭ

**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2043

15.07.2011- ൽ
മറുപടിയ്ക്ക്

### ജസ്റ്റിസ് മുഹമ്മദ് കമ്മിറ്റിയെ നിയോഗിക്കാൻ ഇടയായ സാഹചര്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.കെ.വി. അബ്ദുൾ ഖാദർ** | | **ശ്രീ. പി.കെ.അബ്ദുറബ്ബ്** (ബഹു. വിദ്യാഭ്യാസവകുപ്പ്മന്ത്രി) | |
| (എ) | ജസ്റ്റിസ് മുഹമ്മദ് കമ്മിറ്റിയെ നിയോഗിച്ചുകൊണ്ടുള്ള ഉത്തരവിന്റെ ഒരു കോപ്പി സഭയുടെ മേശപ്പുറത്ത് വയ്ക്കുമോ ; | (എ) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഇപ്രകാരം ഒരു കമ്മിറ്റിയെ നിയോഗിക്കാൻ ഇടയായ സാഹചര്യം എന്തായിരുന്നു ; വിശദമാക്കുമോ ; | (ബി) | സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളിലെ അഡ്മിഷൻ, ഫീസ് എന്നീ കാര്യങ്ങൾ നിരീക്ഷിക്കുന്നതിന് ഒരു റെഗുലേറ്ററി ബോഡി വേണമെന്ന് ബഹു. സുപ്രീം കോടതി നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ 2006ലെ ആക്റ്റിലെ സെക്ഷൻ 4, സെക്ഷൻ 6 പ്രകാരമാണ് കമ്മിറ്റിയെ നിയോഗിച്ചിട്ടുള്ളത്. |
| (സി) | ജസ്റ്റിസ് മുഹമ്മദ് കമ്മിറ്റി ഈ വർഷത്തെ ഫീസ് നിർണ്ണയം സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ ഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കുമോ ; | (സി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | പ്രസ്തുത ഉത്തരവ് അംഗീകരിക്കുന്നുണ്ടോ ; | (ഡി) | സർക്കാരിന്റെ പരിഗണനയിൽ വന്നിട്ടില്ല. |
| (ഇ) | മുഹമ്മദ് കമ്മിറ്റി തീരുമാനത്തിനെതിരെ ഹൈക്കോടതിയിൽ വന്ന കേസിൽ, സിംഗിൾ ബഞ്ചിന്റെ വിധിക്കെതിരെ അപ്പീൽ നൽകുകയുണ്ടായോ ; | (ഇ) | സർക്കാർ തലത്തിൽ അപ്പീൽ നൽകിയിട്ടില്ല. |
| (എഫ്) | ഇതുമൂലം സ്വകാര്യ മാനേജ്മെന്റുകളുടെ താത്പര്യം പരിഗണിക്കപ്പെടാനിടയായിട്ടുണ്ടോ ; വിശദമാക്കുമോ ? | (എഫ്) | സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**

അക്കൗണ്ട്സ് സെക്ഷനിൽ എത്തിക്കണം